# കേരള സർവകലാശാല

നം. പി.ആർ.267/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം -2017 കോളേജ് തലത്തിൽ സ്പോട്ട് അഡ്മിഷൻ ഡിസംബർ 12-ന് ഗവ:/എയ്ഡഡ് കോളേജുകളിലും ഡിസംബർ 13-ന് സ്വാശ്രയ/ഐ.എച്ച്.ആർ.ഡി. കോളേജുകളിലും യു.ഐ.ടി.കളിലും.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ് കോളേജുകളിൽ ഡിസംബർ 12-നും, സ്വാശ്രയ/ഐ.എച്ച്.ആർ.ഡി. കോളേജുകളിലും യു.ഐ.ടി.കളിലും ഡിസംബർ 13-നും ഒന്നാം വർഷ ബിരുദാനന്തരബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കോളേജ് തലത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തും. അതത് കോളേജുകളിൽ വച്ചാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. രാവിലെ 9 മണി മുതൽ 11 മണി വരെ ഹാജരായി രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും മെറിറ്റടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി ഉച്ചയ്ക്ക് 12 മണി മുതൽ പ്രവേശനം നടത്തുന്നതാണ്. നിലവിലുള്ള ഒഴിവുകളിലേയ്ക്കും ട്രാൻസ്ഫർ കാരണം അന്നേ ദിവസം ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും ഈ റാങ്ക് പട്ടികയിൽ നിന്നും പ്രവേശനം നടത്തുന്നതാണ്. പ്രവേശന സമയത്ത് ആവശ്യമായ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും ഹാജരാക്കണം. മുൻപ് പ്രവേശനം ലഭിച്ചവർ പുതുതായി പ്രവേശനം ഉറപ്പാക്കിയശേഷം മാത്രമേ നിലവിലെ കോളേജിൽ നിന്നും ടി.സി. വാങ്ങുവാൻ പാടുള്ളൂ.വിദ്യാർത്ഥികൾ നിലവിലെ ഓൺലൈൻ അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ മാത്രമേ സ്പോട്ട് അഡ്മിഷനുവേണ്ടി ഹാജരാകുവാൻ പാടുള്ളൂ. പ്രവേശനം ലഭിച്ച ഉടൻ തന്നെ സർവകലാശാലയുടെ പ്രവേശനഫീസ് ഒടുക്കേണ്ടതാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 350/- രൂപയും ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 910/- രൂപയുമാണ് സർവകലാശാല പ്രവേശനഫീസ്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്ന ഒഴിവുകളുടെ വിവരം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്. കോളേജുകളുടെ നോട്ടീസ് ബോർഡുകളിലും ഒഴിവുകളുടെ വിവരം ലഭ്യമായിരിക്കും. ഒഴിവുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് മനസ്സിലാക്കിയ ശേഷം മാത്രം സ്പോട്ട് അഡ്മിഷനുവേണ്ടി അതത് കോളേജുകളിൽ ഹാജരാകണം.

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം, 2017 തിരുവനന്തപുരം ആൾ സെയിന്റ്സ് കോളേജിൽ എം.എസ്.സി. എൻവിറോൺമെന്റൽ സയൻസ്, എം.കോം വിഷയങ്ങളിൽ ഓരോ സീറ്റ് വീതം ഒഴിവ് - കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം ആൾ സെയിന്റ്സ് കോളേജിൽ എം.എസ്.സി. എൻവിറോൺമെന്റൽ സയൻസ്,

എം.കോം. കോഴ്സുകളിൽ കമ്മ്യൂണിറ്റി വിഭാഗത്തിന്റെ ഓരോ സീറ്റ് വീതം ഒഴിവ് ഉണ്ട്. പ്രസ്തുത കോളേജിൽ നിലവിലുണ്ടായിരുന്ന കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് പട്ടികകളിൽ പ്രവേശനത്തിനായി പരിഗണിക്കാവുന്നവർ ഇല്ലായെന്ന് പ്രിൻസിപ്പൽ അറിയിച്ചതിനാൽ ടി.ഒഴിവുകളിലേയ്ക്ക് പരിഗണിക്കപ്പെടുവാൻ താൽപര്യമുള്ളവർ ഡിസംബർ 12-നകം കോളേജ് പ്രിൻസിപ്പലിന് രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലഭ്യമായ അപേക്ഷകരിൽ നിന്നും കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് പട്ടിക തയ്യാറാക്കി 13-ാം തീയതി കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതും 14-ാം തീയതി കോളേജിൽ പ്രവേശനം നടത്തുന്നതുമാണ്. ഇതിനായി സർവകലാശാലയിലേയ്ക്ക് പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല.

## ലൈബ്രറി സയൻസ്, ഡി.സി.എ പ്രവേശനം

കേരള സർവകലാശാലയുടെ അഡൽറ്റ് കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ ആന്റ് എക്സ്റ്റൻഷൻ സെന്ററിന്റെ അംഗീകാരത്തോടെ കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ 2018 ജനുവരി മുതൽ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്ന ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.സി) ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സിനും അപേക്ഷ സ്വീകരിക്കുന്നു. പ്ലസ്ടു പാസ്സായവർക്ക് അപേക്ഷിക്കാം, പ്രായപരിധിയില്ല. അപേക്ഷാഫോം 100 രൂപയ്ക്ക് കോളേജ് കമ്പ്യൂട്ടർ ലാബിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ കോളേജ് ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ജനുവരി 12 വെള്ളിയാഴ്ച 3 PM. അടിസ്ഥാനയോഗ്യതയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലാണ് പ്രവശനം നൽകുന്നത്. പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് നല്കുന്നതും കേരള സർവകലാശാലയാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് കമ്പ്യൂട്ടർ ലാബുമായി ബന്ധപ്പെടുക. നമ്പർ : 9495825335/9400976245.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസകേന്ദ്രം 2016 ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ അറബിക് (സപ്ലിമെന്ററി) പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ എസ്.ഡി.ഇ യുടെ (പാളയം) ഓഫീസിൽ നിന്നും ഡിസംബർ 11, 12 തീയതികളിൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റേണ്ടതാണ്.

## സീറ്റൊഴിവ്

കേരള സർവകലാശാല (ഐ.യു.സി.ജി.ഐ.എസ്.ടി) പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജിയിൽ ഒരു എസ്.ടി സീറ്റ് ഒഴിവുണ്ട്. യോഗ്യത : ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസ്ക്സ് ഇവയിൽ ഏതിലെങ്കിലും പി.ജി ബിരുദം. താല്പര്യം ഉള്ളവർ അസ്സൽ രേഖകളുമായി ഡിസംബർ 14 ന് മുൻപ് ഹാജരാകുക. ഫോൺ : 04712308214, വിശദവിവരങ്ങൾക്ക് : www.cgist.ac.in

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഡിസംബറിൽ ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷയുടെ (2008 സ്കീം) സപ്ലിമെന്ററി, പാർട്ട്ടൈം, ട്രാൻസിറ്ററി, മേഴ്സി ചാൻസ് (2006 അഡ്മിഷൻ വരെ) ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
08.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**